
# SSLC രസതന്ത്രം ക്ലാസ്-10

## വാതക നിയമങ്ങളും മോൾ സങ്കൽപനവും

### വാതക തന്മാത്രകളുടെ പ്രത്യേകതകൾ



**വാതക തന്മാത്രകളുടെ ഊർജ്ജം വളരെ കൂടുതലാണ്.**

തന്മാത്രകൾ തമ്മിലുള്ള അകലം വളരെ കൂടുതലാണ്.

തന്മാത്രകളുടെ ചലന സ്വാതന്ത്ര്യം വളരെ കൂടുതലാണ്.

തന്മാത്രകൾ തമ്മിലുള്ള ആകർഷണ ബലം വളരെ കുറവാണ്.

### വാതകത്തിന്റെ വ്യാപ്തം

ഒരു വാതകത്തിന്റെ വ്യാപ്തം അത് ഉൾക്കൊള്ളുന്ന പാത്രത്തിന്റെ വ്യാപ്തം ആയിരിക്കും.

### വാതകത്തിന്റെ മർദ്ദം

Abdul Salam . HST. Govt. Model Higher Secondary School Vellamunda. Wayanad

ഒരു യൂണിറ്റ് പരപ്പളവിൽ അനുഭവപ്പെടുന്ന ബലമാണ് മർദം.

## വാതകത്തിന്റെ താപനില

ഒരു പദാർഥത്തിലെ തന്മാത്രകളുടെ ശരാശരി ഗതികോർജത്തിന്റെ അളവാണ് അതിന്റെ താപനില

## ചോദ്യങ്ങൾ

1. ഖര,ദ്രാവക തന്മാത്രകളെ അപേക്ഷിച്ച് വാതകതന്മാത്രകൾക്ക് ഊർജ്ജം വളരെ ...............

( കുറവാണ്, കൂടുതലാണ് ,തുല്യമാണ് )

( very low, very high , equal )

2. ഒരു പദാർത്ഥത്തിന് അതിന്റെ ചലനം മൂലം ലഭിക്കുന്ന ഊർജ്ജമാണ് ......................

( സ്ഥിതികോർജം ,ഗതികോർജം, രാസോർജം )

3. 5 ലിറ്റർ വ്യാപ്തമുള്ള ഒരു സിലിണ്ടറിൽ വച്ചിരിക്കുന്ന ഒരു വാതകം 20 ലിറ്റർ വ്യാപ്തമുള്ള സിലിണ്ടറിലേക്ക് പൂർണമായും മാറ്റിയാൽ വ്യാപ്തം എത്രയായിരിക്കും ?

2.വാതകത്തിന്റെ വ്യാപ്തം,മർദ്ദം,എന്നിവ വിശദമാക്കുന്ന ലഘു കുറിപ് തയ്യാറാക്കുക.

************

Abdul Salam . HST. Govt. Model Higher Secondary School Vellamunda. Wayanad